നവകേരളം വാർത്ത
ന്യൂസ്‌ലെറ്റർ
2024 ജനുവരി വാല്യം 1
ഓൺലൈൻ വായനയ്ക്ക്
26
നവ കേരളം കർമപദ്ധതി

# രാജ്യത്ത് ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് വീട് നൽകിയ സംസ്ഥാനം കേരളം : മന്ത്രി എം.ബി. രാജേഷ്

## നാറാത്ത് ഗ്രാമപഞ്ചായത്തിൽ 118 ലൈഫ് ഭവനങ്ങളുടെ താക്കോൽ കൈമാറി




കേന്ദ്രം ഭവന പദ്ധതിക്കായി നൽകുന്ന തുകയുടെ അഞ്ചിരട്ടിയിലധികം തുക ലൈഫിലൂടെ വീടുവയ്ക്കാനായി കേരളം നൽകുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. ഇതിനായി ഏകദേശം 13,736 കോടി രൂപ ഇതുവരെ ചെലവഴിച്ചു. കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച 118 വീടുകളുടെ താക്കോൽ കൈമാറ്റവും പ്രഖ്യാപനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലൈഫ് ഭവന പദ്ധതിയിലൂടെ കേരളത്തെ ഭവന രഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് വീട് വച്ച് നൽകിയ സംസ്ഥാനമാണ് കേരളം. ഇതുവരെ 3,64,808 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി നൽകി. ഇതോടൊപ്പം മനസ്സോടിത്തിരി മണ്ണ് പദ്ധതിയിലൂടെ ഭൂമിയില്ലാത്തവർക്കും വീട് വച്ച് നൽകുന്നതിനുള്ള പ്രവർത്തനങ്ങളും നടക്കുകയാണ്. നാറാത്ത് ഗ്രാമപഞ്ചായത്തിൽ വായ്പ എടുക്കാതെ തന്നെ ലൈഫ് വീടുകൾ നിർമ്മിച്ച് നൽകുവാൻ സാധിച്ചത് അഭിനന്ദനാർഹമാണെന്ന് അദ്ദേഹം പറഞ്ഞു. ചടങ്ങിൽ കെ.വി. സുമേഷ് എം.എൽ.എ. അധ്യക്ഷനായി.

# പരിസ്ഥിതി സംരക്ഷണത്തിൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ശ്രദ്ധേയം : മന്ത്രി കെ.എൻ. ബാലഗോപാൽ



സംസ്ഥാനത്ത് വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്നും പരിസ്ഥിതി സംരക്ഷണത്തിന് മുഖ്യ പ്രാധാന്യം നൽകുമെന്നും ധനമന്ത്രി കെ.എൻ. ബാലഗോപാൽ. ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ ജലസുരക്ഷ ഉറപ്പാക്കുന്നതിനായി തയ്യാറാക്കിയ കൊട്ടാരക്കര നഗരസഭയുടെ ജലബജറ്റിന്റെ പ്രകാശനം മന്ത്രി നിർവഹിച്ചു. പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളിൽ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണെന്നും മന്ത്രി പറഞ്ഞു. ജലത്തിന്റെ ലഭ്യത, അതിന്റെ ഉപയോഗം വരൾച്ച ബാധിത പ്രദേശങ്ങൾ, തരിശുകൃഷി തുടങ്ങിയവ കണക്കിലെടുത്താണ് പ്രാദേശികമായി കൊട്ടാരക്കര നഗരസഭയുടെ ജലബജറ്റ് തയ്യാറാക്കിയത്. ജലബജറ്റിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ കൃഷി, കുടിവെള്ളം തുടങ്ങി നിരവധി പദ്ധതികൾ ജലസുരക്ഷ ഉറപ്പാക്കി നടപ്പിലാക്കുകയാണ് ലക്ഷ്യം. ആകെ ജലലഭ്യതയും, ജലത്തിന്റെ വിനിയോഗവും താരതമ്യപ്പെടുത്തിയാണ് ജലബജറ്റ് തയ്യാറാക്കിയത്. കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ജനുവരി മാസത്തോടെ പൂർത്തീകരിക്കാനാകുമെന്ന് നവകേരളം കർമപദ്ധതി കോർഡിനേറ്റർ എസ്. ഐസക് അറിയിച്ചു. കൊട്ടാരക്കര നഗരസഭ ചെയർമാൻ എസ്.ആർ. രമേശ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. നഗരസഭ വൈസ് ചെയർപേഴ്സൺ വനജ രാജീവ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാർ, വാർഡ് കൗൺസിലർമാർ, സെക്രട്ടറി, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, നവകേരളം കർമപദ്ധതി റിസോഴ്സ്പേഴ്സൺ തുടങ്ങിയവർ പങ്കെടുത്തു.

## എഡിറ്റോറിയൽ

# നവകേരളം പ്രതീക്ഷാനിർഭരം



നവകേരളം കർമ പദ്ധതി പ്രവർത്തനങ്ങൾസംസ്ഥാനത്ത് ആശാവഹമായി പുരോഗമിക്കുകയാണ്. വിവിധ മിഷനുകൾ നടത്തിയ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ ഇതിനോടകം തന്നെ പ്രകടമായി ദൃശ്യമാകുന്നത് ഏറെ പ്രതീക്ഷ നൽകുന്നു. "മനസ്സോടിത്തിരി മണ്ണ്" കാമ്പയിനിലൂടെ ഇതുവരെ ലഭിച്ച ഭൂമി ലൈഫ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു തുടങ്ങി. ആർദ്രം മിഷന്റെ നേതൃത്വത്തിൽ ഒന്നരക്കോടിയിലധികം പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കിയതിനെത്തുടർന്ന് ജീവിതശൈലി രോഗനിർണ്ണയം രണ്ടാം ഘട്ടത്തിലേക്ക് കടക്കുകയാണ്. പൊതുവിദ്യാലയങ്ങളിൽ സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കി ഹരിത വിദ്യാലയമാക്കുന്ന പ്രവർത്തനങ്ങൾക്കും തുടക്കമായി. ഹരിത ടൂറിസം പദ്ധതി വിനോദസഞ്ചാര മേഖലയ്ക്ക് പുത്തനുണർവ് നൽകുമെന്ന കാര്യത്തിൽ സംശയമില്ല. പരിസ്ഥിതി പുനഃസ്ഥാപനം ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന 'നെറ്റ്സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' കാമ്പയിൻ ദേശീയ ശ്രദ്ധ നേടിക്കഴിഞ്ഞു. മാപത്തോണും നീർച്ചാൽ വീണ്ടെടുപ്പും, ജലബജറ്റും ഘട്ടംഘട്ടമായി പുരോഗമിക്കുന്നു. നിയമനടപടികൾ കർശനമാക്കി സംസ്ഥാനത്ത് ശുചിത്വ – മാലിന്യം സംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയാണ്. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതോടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാർച്ച് 31-നകം മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യം പൂർത്തിയാക്കും. നവകേരള സൃഷ്ടിക്കായുള്ള പ്രവർത്തനങ്ങൾ പടിപടിയായി മുന്നേറുകയാണ്.

**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ,
നവകേരളം കർമപദ്ധതി

# ലൈഫ് : ജനകീയ പങ്കാളിത്തം അനിവാര്യം - സ്പീക്കർ

ലൈഫ് ഭവന പദ്ധതി യാഥാർഥ്യമാക്കുന്നതിൽ ജനങ്ങളുടെ കൂടി പങ്കാളിത്തമുണ്ടാകണമെന്ന് നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ. കണ്ണപുരം ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച 40 വീടുകളുടെ താക്കോൽ കൈമാറൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. നാടിന്റെ വികസന പ്രവർത്തനങ്ങളിൽ ജനങ്ങളെ പങ്കാളികളാക്കി എങ്ങനെ ആസൂത്രണം ചെയ്യാം എന്നത് തദ്ദേശ സ്ഥാപനങ്ങൾ ആലോചിക്കണം. ജനങ്ങളിൽ നിന്നും ധനസമാഹരണം നടത്തി വിവിധ സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, സാംസ്കാരിക സ്ഥാപനങ്ങൾ



എന്നിവ യാഥാർഥ്യമാക്കിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടെ രാഷ്ട്രീയ സംഘടനകൾ, സന്നദ്ധ പ്രവർത്തകർ, വ്യവസായികൾ തുടങ്ങിയവരുടെ സഹായങ്ങൾ ഉപയോഗപ്പെടുത്തി ഭൂമിയില്ലാത്തവർക്ക് ഭൂമി കണ്ടെത്തുന്നതിനും ഭവന നിർമ്മാണത്തിനായുള്ള സഹായങ്ങൾ സമാഹരിക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ നേതൃത്വം കൊടുക്കണം. കണ്ണപുരം ഗ്രാമപഞ്ചായത്തിൽ ഇതുവരെയായി ആകെ 80 ലൈഫ് ഭവനങ്ങളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചത്. ഇതിനായി 2.8 കോടി രൂപ ഇതിനകം ചെലവഴിച്ചു. ഇവയിൽ പൂർത്തിയായ 40 ഭവനങ്ങളുടെ താക്കോൽ കൈമാറലാണ് സ്പീക്കർ നിർവഹിച്ചത്. കണ്ണപുരം ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ എം. വിജിൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു.

# ജീവിതശൈലി രോഗനിർണ്ണയം രണ്ടാംഘട്ടത്തിലേക്ക്

ആർദ്രം

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ ആർദ്രം ആരോഗ്യം ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ രണ്ടാംഘട്ടം ഉടൻ ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആദ്യഘട്ടത്തിൽ 30 വയസിന് മുകളിൽ പ്രായമുള്ള 1.53 കോടിയിലധികം പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കിയിരുന്നു. സ്ക്രീനിംഗിൽ രോഗ സാധ്യതയുള്ള 13.6 ലക്ഷത്തോളം പേരുടെ തുടർ പരിശോധനകൾ പൂർത്തിയാക്കുകയും ആവശ്യമായവർക്ക് തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്തു. 30 വയസിന് മുകളിൽ ലക്ഷ്യം വച്ചവരിൽ ബഹുഭൂരിപക്ഷം വ്യക്തികളുടേയും സ്ക്രീനിംഗ് നടത്തിയ സ്ഥിതിയിലാണ് രണ്ടാം ഘട്ടത്തിലേക്ക് പോകുന്നത്. ഇതിനായി ശൈലി 2 ആപ്പ് വികസിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ജനകീയ പങ്കാളിത്തത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക. ഇ ഹെൽത്ത് രൂപകല്പന ചെയ്യുന്ന ശൈലി ആപ്പിന്റെ സഹായത്തോടെ ആശാ പ്രവർത്തകർ നേരിട്ട് വീടുകളിലെത്തിയാണ് സ്ക്രീനിംഗ് നടത്തുന്നത്. രണ്ടാം ഘട്ടത്തിൽ കുഷ്ഠരോഗം, കാഴ്ച പരിമിതി, കേൾവി പരിമിതി, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവയുടെ സ്ക്രീനിംഗും നടത്തും. നവകേരളം കർമപദ്ധതി ആർദ്രം രണ്ടിന്റെ ഭാഗമായി സംസ്ഥാനത്തെ 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാ വ്യക്തികളേയും സ്ക്രീൻ ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

# മാലിന്യ സംസ്കരണ പ്രവർത്തനത്തിൽ അലയമൺ മാതൃക

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മാതൃക തീർക്കുകയാണ് അലയമൺ ഗ്രാമപഞ്ചായത്ത്.ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്ന എല്ലാ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ അലയമൺ ഗ്രാമപഞ്ചായത്ത് മുന്നിലാണ്. ഇതിന്റെ ഭാഗമായി പഞ്ചായത്തിലെ നവീകരിച്ച മാർക്കറ്റിന്റെ ഉദ്ഘാടനം മന്ത്രി ജെ. ചിഞ്ചു റാണി നിർവ്വഹിച്ചു. MCF ന്റെ ഉദ്ഘാടനം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ.



സീമ നിർവ്വഹിച്ചു. ഹരിത കർമസേനയുടെ വാതിൽ പടി സേവനത്തിലും, യൂസർ ഫീ കളക്ഷനിലും 100% ത്തിൽ എത്തിയ പഞ്ചായത്ത് എന്ന് മാത്രമല്ല ഹരിത മിത്രം മൊബൈൽ ആപ്ലിക്കേഷനിലൂടെ 100% സേവനം ലഭ്യമാക്കിയ പഞ്ചായത്ത് എന്ന നിലയിലും അലയമൺ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം അഭിനന്ദനീയമാണ്. മാപത്തോൺ, സുരക്ഷിതമാക്കാം പശ്ചിമഘട്ടം, നെറ്റ് സീറോ കാർബൺ തുടങ്ങി എല്ലാ പദ്ധതികളും പഞ്ചായത്തിൽ നടപ്പിലാക്കുന്നു. ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുകയാണ്.

# സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ജറിയാട്രിക്സ് വിഭാഗം

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പ്രത്യേക പരിചരണവും ചികിത്സയും ആവശ്യമാണ്. ആർദ്രം മിഷന്റെ ഭാഗമായി വയോജന സംരക്ഷണത്തിനും പാലിയേറ്റീവ് കെയറിനും സംസ്ഥാനം വലിയ പ്രാധാന്യമാണ് നൽകുന്നത്. ഇതിന്റെ ഭാഗമായി ആശുപത്രികളിൽ ജറിയാട്രിക്സ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനോടൊപ്പമാണ് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിക്കുന്നത്. പ്രത്യേകമായി ജറിയാട്രിക്സ് വിഭാഗം ആരംഭിക്കുന്നതോടെ വയോജനങ്ങൾക്ക് ഒരു കുടക്കീഴിൽ തന്നെ ചികിത്സ ലഭ്യമാകും. പ്രായമായ ആളുകളുടെ ആരോഗ്യത്തെയും സംരക്ഷണത്തെയും കുറിച്ചുള്ള ശാസ്ത്രമാണ് ജറിയാട്രിക്സ്. പ്രായമാകുമ്പോൾ ശരീരത്തിലുണ്ടാകുന്ന മാറ്റങ്ങളെയും അവ ആരോഗ്യത്തെ എങ്ങനെ ബാധിക്കുന്നുവെന്നും കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നു. ഇതോടൊപ്പം വയോജനങ്ങൾക്ക് ആവശ്യമായ മാനസിക പിന്തുണയും ഉറപ്പാക്കും.

# മാലിന്യ നിർമാർജനം:
## നിയമ നടപടി കർക്കശമാക്കും - മന്ത്രി എം.ബി. രാജേഷ്

സമ്പൂർണ മാലിന്യമുക്ത നവകേരളത്തിന് ബോധവൽക്കരണം മാത്രം പോരെന്നും നിയമലംഘനങ്ങൾക്കെതിരെ നിയമ നടപടി കർശനമായി നടപ്പാക്കുമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. കണ്ണൂർ കോർപ്പറേഷൻ മഞ്ചപ്പാലത്ത് നിർമാണം പൂർത്തിയാക്കിയ മലിനജല ശുദ്ധീകരണ പ്ലാന്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ അരലക്ഷം രൂപ വരെ പിഴയീടാക്കും. ജലം മലിനമാക്കുന്നവർക്കെതിരെ പിഴ കൂടാതെ ഒരു വർഷം



വരെ തടവ് ലഭിക്കുന്ന രീതിയിൽ നിയമം കർശനമാക്കുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് മലിനജല ശുദ്ധീകരണ പ്ലാന്റ് അനിവാര്യമാണ്. പ്ലാന്റുകൾക്കെതിരെ വിമർശനമുന്നയിക്കുന്നത് തെറ്റിദ്ധാരണകൊണ്ട് മാത്രമാണെന്നും ആശങ്കകൾ ഉണ്ടെങ്കിൽ അത് പരിഹരിച്ച് മുന്നോട്ടു പോകുമെന്നും മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. മേയർ അഡ്വ. ടി.ഒ. മോഹനൻ അധ്യക്ഷത വഹിച്ചു.

# ശിവഗിരി തീർത്ഥാടനം- മെഗാ ക്ലീനിംഗ്



2023 ഡിസംബർ 30, 31, 2024 ജനുവരി 1 തീയതികളിൽ നടന്ന ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ചുണ്ടായ മാലിന്യങ്ങൾ ഹരിത കർമസേന മാതൃകാപരമായ മെഗാ ക്ലീൻ ഡ്രൈവിലൂടെ ശേഖരിച്ച് വർക്കല മുൻസിപ്പാലിറ്റിക്ക് കൈമാറി. ഹരിതകേരളം മിഷനും വർക്കല നഗരസഭയും സംയുക്തമായി സംഘടിപ്പിച്ച മെഗാ ക്ലീൻ ഡ്രൈവ് വർക്കല നഗരസഭ ചെയർമാൻ കെ.എം. ലാജി ഉദ്ഘാടനം ചെയ്തു. മെഗാ ക്ലീൻ ഡ്രൈവിൽ വർക്കല ഹരിത കർമസേന അംഗങ്ങൾക്കൊപ്പം വർക്കല ബ്ലോക്കിലെ ചെമ്മരുതി, ചെറുന്നിയൂർ, ഒറ്റൂർ, മണമ്പൂർ, ഇലകമൺ, വെട്ടൂർ പഞ്ചായത്തുകളും, കിളിമാനൂർ ബ്ലോക്കിലെ കിളിമാനൂർ, നഗരൂർ, കരവാരം, നാവായിക്കുളം, പഴയ കുന്നുമ്മൽ പഞ്ചായത്തുകളിൽ നിന്നുമുൾപ്പെടെ 236 ഹരിത കർമസേന അംഗങ്ങളും പങ്കെടുത്തു.5 ടീമുകളായി തിരിഞ്ഞ് ശിവഗിരിയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ച 4.2 ടൺ അജൈവ പാഴ്‌വസ്തുക്കൾ വർക്കല നഗരസഭ എം.സി.എഫി ലേക്ക് മാറ്റുകയും ചെയ്തു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ അശോക് സി. നേതൃത്വം നൽകി.

## ചെമ്പംകൊല്ലി ജൈവ പച്ചക്കറി തോട്ടം



മലപ്പുറം ജില്ലയിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ എം.ഐ.സി. ആർട്സ് ആൻഡ് സയൻസ് കോളേജ് മഞ്ചേരിയിലെ വിദ്യാർത്ഥികൾ എ.എം.യു.പി സ്കൂൾ ചെമ്പൻ കൊല്ലിയിൽ 10 സെന്റോളം വരുന്ന ഭൂമിയിൽ ജൈവ പച്ച ക്കറിത്തോട്ടം നിർമ്മിച്ചു. എം.ഐ.സി. ആർട്സ് ആൻഡ് സയൻസ് കോളേജിലെ എൻഎസ്എസ് വിദ്യാർത്ഥികളുടെ ക്യാമ്പ് ദിനങ്ങൾ പ്രയോജനപ്പെടുത്തിയാണ് ജൈവ പച്ചക്കറിത്തോട്ട നിർമ്മാണം പൂർത്തീകരിച്ചത്. സ്കൂൾ മാനേജ്മെന്റിന്റെ പരിധിയിൽ പെടുന്ന 10 സെന്റോളം വരുന്ന ഭൂമിയിലാണ് മാതൃക പരമായ രീതിയിൽ ജൈവ പച്ചക്കറിത്തോട്ടം നിർമ്മിച്ചിരിക്കുന്നത്. കോളേജിലെ അൻപതോളം വരുന്ന എൻഎസ്എസ് വളണ്ടിയേഴ്സ് രണ്ടു ദിനങ്ങളിലായി ആണ് തോട്ട നിർമ്മാണത്തിൽ ഏർപ്പെട്ടത്. ഏഴോളം ഇനങ്ങളിൽ പെടുന്ന പച്ചക്കറി തൈകളും വിത്തുകളും ആണ് മിഷന്റെ ഭാഗത്തുനിന്നും വിദ്യാർത്ഥികൾക്ക് നൽകിയത് ഇവ ഉപയോഗിച്ചാണ് വിദ്യാർഥികൾ സ്കൂളിന് വേണ്ടി ജൈവ പച്ചക്കറിത്തോട്ടം നിർമ്മിച്ചത്.

## നടുവണ്ണൂർ ഹരിത കർമസേന ഒരു ചുവടുകൂടി മുന്നോട്ട്

ഹെൽത്ത് കാർഡ് വിതരണോദ്ഘാടനവും പുതിയ വാഹനത്തിന്റെ ഫ്ലാഗ് ഓഫ് ചടങ്ങും നടത്തി കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് ഹരിത കർമസേന ശുചിത്വത്തിലേക്ക് ഒരു ചുവടുകൂടി മുന്നോട്ട്. ആർദ്രം മിഷനും ഹരിതകേരളം മിഷനും പഞ്ചായത്തും ചേർന്നു നടപ്പിലാക്കുന്ന ഹരിത കർമസേനയുടെ ഹെൽത്ത് ചെക്ക്അപ്പ് പ്രവർത്തന ത്തിന്റെ ഭാഗമായി ഹരിത കർമസേനയ്ക്ക് ഹെൽത്ത് കാർഡ് നൽകുന്ന പരിപാടി നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് ഹാളിൽ വെച്ചു സംഘടിപ്പിച്ചു. പ്രസിഡന്റ് ദാമോദരൻ മാസ്റ്റർ അധ്യക്ഷനായി. ഹരിത കർമസേനയ്ക്ക് ഹെൽത്ത് കാർഡ് വിതരണവും ഹരിത കർമസേനയുടെ പുതിയ വാഹനത്തിന്റെ ഫ്ലാഗ് ഓഫ് ചടങ്ങും ശുചിത്വ മിഷൻ കോർഡിനേറ്റർ ഗൗതമൻ എം., കെ.എ.എസ്. നിർവഹിച്ചു. ഹരിത കർമസേനയുടെ പ്രവർത്തനം വിജയകരമായി നടത്തുന്നതിനായി വ്യത്യസ്തമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് നടുവണ്ണൂർ പഞ്ചായത്ത്.

# പാലേമാടിലെ എൻഎസ്എസ് വിദ്യാർത്ഥികൾ - രണ്ടാം ഘട്ട ക്ലീനിങ് കാമ്പയിൻ സംഘടിപ്പിച്ചു

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിലെ ശ്രീ വിവേകാനന്ദ ആർട്സ് ആൻഡ് സയൻസ് കോളേജ് പാലേമാടിലെ എൻ.എസ്.എസ്. വിദ്യാർത്ഥികൾ ചാലിയാർ എം.സി.എഫ് സന്ദർശനത്തിന് ശേഷം ക്ലീൻ ചാലിയാർ യജ്ഞത്തിൽ പങ്കാളികളായി. ഹരിതകേരളം മിഷൻ ശ്രീ വിവേകാനന്ദ കോളേജിൽ നടത്തിയ നവകേരളത്തിനായി കാമ്പസുകൾ എന്ന കാമ്പയിന്റെ തുടർ പ്രവർത്തനമായാണ് ചാലിയാർ പഞ്ചായത്തിലെ എടിവണ്ണ കോളനി, അങ്ങാടി, പരിസര പ്രദേശങ്ങൾ എന്നിവിടങ്ങളിലെല്ലാം ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്. 35 ഓളം വരുന്ന വിദ്യാർത്ഥികൾ ചേർന്ന് 600 കിലോയിലേറെ വലിച്ചെറിയപ്പെട്ട അജൈവ മാലിന്യങ്ങൾ പുനഃചംക്രമണ പ്രക്രിയക്ക് വേണ്ടി



തരംതിരിച്ച് ഹരിത കർമസേനയ്ക്ക് കൈമാറി. കൂടാതെ വീടുകളിലും കടകളിലും മാലിന്യങ്ങൾ വലിച്ചെറിയാതെ ഹരിത കർമ്മസേനക്ക് കൈമാറാനുള്ള ബോധവൽകരണവും നടത്തി.

# കേശ ദാനത്തിലൂടെ മാതൃക കാട്ടി പുൽപള്ളി ഹരിത കർമസേന

ക്യാൻസർ രോഗികൾക്കായി കേശദാനം നടത്തി മാതൃകയായിരിക്കുകയാണ് വയനാട് പുൽപള്ളി ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേന അംഗങ്ങൾ. 40 അംഗങ്ങൾ ആണ് ഒരുമിച്ച് കേശ ദാനം നടത്തിയത്. തൃശ്ശൂർ



അമല മെഡിക്കൽ കോളേജും മീനങ്ങാടി ആസ്പദമാക്കി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനയായ സോഷ്യൽ സർവീസ് ഓർഗനൈസേഷനും പുൽപള്ളിയിലെ വാട്സ്ആപ് കൂട്ടായ്മയായ കരിമം കൂട്ടായ്മയും ചേർന്ന് സംഘടിപ്പിച്ച കേശ ദാന ക്യാമ്പിലാണ് ഹരിത കർമസേന അംഗങ്ങൾ മുടി ദാനം ചെയ്തത്. ക്യാൻസർ ബാധിച്ച് തലമുടി നഷ്ടപ്പെട്ട സ്ത്രീകൾക്ക് സൗജന്യമായി വിഗ് ഉണ്ടാക്കുവാൻ വേണ്ടിയാണ് കേശ ദാന ക്യാമ്പ് സംഘടിപ്പിച്ചത്. 12 ഇഞ്ച് മുടി വീതമാണ് ക്യാമ്പിൽ പങ്കെടുത്തവർ നൽകിയത്.

# കരിമ്പുഴ ഫോറെസ്റ്റ് റോഡ് ക്ലീൻ അപ്പ് ഡ്രൈവ്

മലപ്പുറം നിലമ്പൂർ മുൻസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന കരിമ്പുഴ ഫോറെസ്റ്റ് റോഡിന്റെ ഇരുവശവുമുള്ള മാലിന്യ കൂമ്പാരങ്ങൾ നീക്കം ചെയ്തു. മാലിന്യ മുക്ത നവകേരളം കാമ്പയിന്റെ ഭാഗമായി ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, നിലമ്പൂർ നഗരസഭ എന്നിവയുടെ നേതൃത്വത്തിലാണ് ശുചീകരണ പ്രവർത്തനം നടപ്പാക്കിയത്. അസ്സബാഹ് ആർട്ട്സ് ആൻഡ് സയൻസ് കോളേജ് വളയംകുളത്തെ വിദ്യാർത്ഥികളാണ് ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. നഗരസഭ ചെയർമാൻ മാട്ടുമ്മൽ സലീം ഉദ്ഘാടനം ചെയ്തു,



# പറവൂർ ബ്ലോക്കിൽ ഹരിത വിദ്യാലയങ്ങൾ



പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ എറണാകുളം കൊട്ടുവള്ളിക്കാട് എസ്.എൻ.എം. ഗവ. എൽപി സ്കൂളിൽ ശുചിത്വോത്സവം "തളിര് " പദ്ധതിക്ക് തുടക്കമായി. പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സിംന സന്തോഷ് പദ്ധതി ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 44 വിദ്യാലയങ്ങളും സമ്പൂർണ ശുചിത്വ വിദ്യാലയങ്ങളായി മാറുന്നതിനുള്ള ആദ്യച്ചുവടാണ് ഹരിത വിദ്യാലയ പ്രഖ്യാപനത്തോടെ സാധ്യമാകുന്നത്. ചടങ്ങിൽ വിദ്യാർത്ഥികൾക്ക് പരിസ്ഥിതി സൗഹൃദ തുണിസഞ്ചികളും വിദ്യാലയത്തിലെ ശുചിത്വ സേനയ്ക്ക് യൂണിഫോമും വിതരണം ചെയ്തു. പരിപാടിയുടെ ഭാഗമായി പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച അലങ്കാര വസ്തുക്കളുടെ പ്രദർശനവും നടന്നു. വടക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രശ്മി അനിൽകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എസ്. സനീഷ് പദ്ധതി അവതരിപ്പിച്ചു. ഹരിതകേരളം മിഷനാണ് പദ്ധതിയുടെ ഏകോപനം നിർവഹിക്കുന്നത്.



## ലൈഫ് മിഷൻ കെ. ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ : തുക കൈമാറി

ആലപ്പുഴ ജില്ലയിലെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതരായ 660 കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള മുഴുവൻ തുകയും കെ. ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ കൈമാറി. പദ്ധതി വഴി ജില്ലയിലെ 296 കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള തുക ആദ്യ ഘട്ടത്തിൽ കൈമാറിയിരുന്നു. ഇവയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ഭൂമി ലഭിച്ചതുമാണ്. ശേഷിച്ച 364 കുടുംബങ്ങൾക്കുള്ള 9.1 കോടി രൂപ കൂടി ഇപ്പോൾ കൈമാറിയതോടെ പദ്ധതി പ്രകാരമുള്ള ആകെ തുകയായ 16.4 കോടി രൂപയും ഫൗണ്ടേഷൻ നൽകി. മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് രണ്ടര ലക്ഷം രൂപ വീതമാണ് പദ്ധതിയിലൂടെ നൽകുന്നത്. പദ്ധതി വഴി ഭൂമി ലഭിച്ചവരിൽ 281 വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. സംസ്ഥാന സർക്കാരും കെ. ചിറ്റിലപ്പള്ളി ഫൗണ്ടേഷനും ചേർന്ന് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരായിട്ടുള്ള 1000 പേർക്ക് ഭൂമി വാങ്ങുന്നതിന് എറണാകുളം, ആലപ്പുഴ, കാസർഗോഡ് ജില്ലകളെ ഉൾപ്പെടുത്തി ധാരണാപത്രത്തിൽ ഒപ്പിട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയത്.



# പാല്കാച്ചി മല ഹരിതടൂറിസം കേന്ദ്രമാവുന്നു

കണ്ണൂർ ജില്ലയിലെ കേളകം പഞ്ചായത്തിൽ ജനപങ്കാളിത്തത്തോടെ പാല്കാച്ചി മല കേന്ദ്രീകരിച്ച ഹരിത ടൂറിസം പദ്ധതി നടപ്പാക്കും. നാട്ടിലെ കർഷകർ, ഗാർഹിക സംരംഭകർ, ടാക്സിക്കാർ, ജീവനക്കാർ, വ്യാപാരികൾ, കലാ കായിക സാഹിത്യ സാംസ്കാരിക രംഗത്തുള്ളവർ, പരമ്പരാഗത-ആയുർവേദ ആരോഗ്യ സംരക്ഷണ മേഖലയിൽ ഉള്ളവർ തുടങ്ങി നാനാ തുറകളിൽപെട്ട ജനങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യം വെച്ചാണ് പദ്ധതി. ഇതുമായി ബന്ധപ്പെട്ട രൂപീകരിച്ച കേളകം ഇക്കോ ടൂറിസം സൊസൈറ്റിയുടെ ഉദ്ഘാടനം കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.പി. ദിവ്യ നിർവഹിച്ചു. ഹരിത ടൂറിസം മേഖലയിൽ വൻ സാധ്യതയുള്ള കേളകം പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതാണ് ഇക്കോ ടൂറിസം സൊസൈറ്റിയുടെ രൂപീകരണവും അനുബന്ധ പ്രവർത്തനങ്ങളും. പാല്കാച്ചി മലയിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി കേളകത്ത് ഹരിത ടൂറിസം വളർത്തുമെന്ന് കേളകം പഞ്ചായത്ത് പ്രസിഡന്റ് സി.ടി അനീഷ് പറഞ്ഞു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ ഏകോപിക്കുന്നത്.



# 257 ടൺ പ്ലാസ്റ്റിക് വില്പന നടത്തി

## കുന്നമംഗലം ബ്ലോക്കിലെ ഹരിത കർമസേന

കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്കിലെ 8 പഞ്ചായത്തുകളിലെ ഹരിത കർമസേന അംഗങ്ങളുടെ നേതൃത്വത്തിൽ 2023 ജനുവരി മുതൽ ഡിസംബർ 31 വരെ 257 ടൺ പ്ലാസ്റ്റിക് തരംതിരിച്ച് വില്പന നടത്തി. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ബ്ലോക്കിലെ 8 ഗ്രാമപഞ്ചായത്തുകളിൽ ഹരിതകേരളം മിഷന്റെ സഹായത്തോടെയാണ് മാതൃകാപരമായ പ്രവർത്തനം നടത്തിയത്.

പ്ലാസ്റ്റിക്കിനോടൊപ്പം 2023 വർഷത്തിൽ ബ്ലോക്കിലെ 8 പഞ്ചായത്തുകളിൽ നിന്നായി 221 ടൺ ചില്ല് മാലിന്യവും, 6 പഞ്ചായത്തുകളിൽ നിന്നായി 82 ടൺ തുണി മാലിന്യവും കയറ്റി അയച്ചു. തുണി മാലിന്യം സാമ്പത്തിക ബാധ്യത ഇല്ലാതെ സൗജന്യമായാണ് പഞ്ചായത്തുകളിൽ നിന്നും കയറ്റി അയച്ചത്. അതോടൊപ്പം തന്നെ മൾട്ടിലെയർ പ്ലാസ്റ്റിക്, തെർമോകോൾ എന്നിവയുടെ വില്പനയും നടത്തി. ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഹരിത കർമസേന അംഗങ്ങളുടെ ഒരുമയോടെയുള്ള പ്രവർത്തനമാണ് ഈ മാതൃക പ്രവർത്തനത്തിനു പിന്നിൽ.

# പൂമ്പാറ്റകൾ മനം കവരുന്ന പാല്കാച്ചി

കേളകം ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷന്റെ ഏകോപനത്തോടെ ഹരിതടൂറിസം കേന്ദ്രമാവുന്ന പാല്കാച്ചിമല, മലനിരകളാലും വൻമരങ്ങളാലും അനുഗ്രഹീതമാണ്. മൊട്ടക്കുന്നിൽ നിന്നുള്ള താഴ്വര കാഴ്ചകൾ മനം കുളിർപ്പിക്കുന്നതാണ്. മരങ്ങൾ പൂത്തതുപോലെ ചിത്രശലഭങ്ങൾ നിറഞ്ഞു നിൽക്കുന്ന കാഴ്ച സഞ്ചാരികളെ അത്ഭുതപ്പെടുത്തുന്നു. ചിത്രശലഭങ്ങളിലെ കോൺഗ്രിഗേഷൻ പ്രതിഭാസമാണ് പാലുകാച്ചി മലയിൽ നടക്കുന്നത്. ലക്ഷക്കണക്കിന് പൂമ്പാറ്റകളാണ് ഒരു പ്രത്യേക സ്ഥലത്തെ വിവിധ മരങ്ങളിൽ മരം പൂത്തത് പോലെ ഒത്തുചേർന്നിട്ടുള്ളത്. പശ്ചിമഘട്ടത്തിലെ ജനവാസ മേഖലയോട് ചേർന്ന കിടക്കുന്ന സ്ഥലമാണ് പാല്കാച്ചി മല. കേളകം ടൗണിൽ നിന്ന് അടക്കാത്തോട് വഴി 12 കിലോമീറ്റർ സഞ്ചരിച്ച് ശാന്തിഗിരിയിലെത്തി അവിടെ നിന്ന് 3 കിലോമീറ്റർ പിന്നിട്ടാൽ പാലുകാച്ചി മലയിലെത്താം.



# സ്കൂൾ കെട്ടിടം ശിലാസ്ഥാപനം

കോട്ടയം ജില്ലയിലെ ഗവ. ഹയർ സെക്കൻഡറി സ്കൂൾ കുടവെച്ചൂർ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി അനുവദിച്ച 3.9 കോടിയുടെ ബഹുനില സ്കൂൾ മന്ദിരത്തിന്റെ ശിലാസ്ഥാപനം വൈക്കം എം.എൽ.എ. സി.കെ. ആശ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു അധ്യക്ഷയായി.





# സ്കൂൾ കെട്ടിടം ഉദ്ഘാടനം

കോട്ടയം ജില്ലയിലെ നീണ്ടൂർ എസ്.കെ.വി. ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ കിഫ്ബി ഫണ്ട് ഒരു കോടി ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം മന്ത്രി വി.എൻ. വാസവൻ നിർവഹിച്ചു. കോട്ടയം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു അധ്യക്ഷയായി. തോമസ് ചാഴികാടൻ എം.പി. മുഖ്യ പ്രഭാഷണം നടത്തി.

# ജലസംരക്ഷണ പ്രവൃത്തികൾ

## കേന്ദ്രസംഘത്തിന്റെ സന്ദർശനം

മലപ്പുറം ജില്ലയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ജലബജറ്റിന്റെ ഭാഗമായി തുടർപ്രവർത്തനങ്ങൾ സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിലെ സയന്റിസ്റ്റ് കുൽദീപ് ഗോപാൽ ഭർട്ടാറിയയുടെ നേതൃത്വത്തിലുള്ള സംഘം പരിശോധിച്ചു. JSA പ്രവർത്തനങ്ങളുടെ ഭാഗമാണ് ഈ സന്ദർശനം. ഇതിന്റെ ഭാഗമായി കൊണ്ടോട്ടി ബ്ലോക്കിൽ ചെറുകാവ് ഗ്രാമപഞ്ചായത്തിലെ ജലബജറ്റ് തുടർ പ്രവർത്തനത്തിൽ NREGA ഭാഗമായി നിർമ്മിച്ച ചെറുകാവ് കല്ലിങ്ങൾ കുളം, വാഴക്കാട് ചെറുവട്ടൂർ തോട് സംരക്ഷണം എന്നീ പ്രവൃത്തികൾ സന്ദർശിച്ചു.



# കുളത്തൂർ ഗ്രാമപഞ്ചായത്ത് തരിശുരഹിതം - ഹരിത സമൃദ്ധി പ്രഖ്യാപനം

തരിശ് രഹിത, ഹരിത സമൃദ്ധി പ്രഖ്യാപനം, ഹരിത ഓഫീസ്, ഹരിത വിദ്യാലയം ശുചിത്വ വിദ്യാലയം, എന്നിവയുടെ



പ്രഖ്യാപനം എന്നിവയ്ക്കായി സംഘടിപ്പിച്ച പരിപാടി വിമലഹൃദയ ഹൈസ്കൂൾ അങ്കണത്തിൽ വച്ച് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഡബിൾസ് മേരി അധ്യക്ഷത വഹിച്ച യോഗത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുധർജ്ജനൻ ഉദ്ഘാടനം ചെയ്തു. വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സന്തോഷ് രാജ് സ്വാഗതം ആശംസിച്ചു. തരിശുരഹിതം ഹരിത സമൃദ്ധി പ്രഖ്യാപനം നവകേരളം കർമപദ്ധതി കൃഷി പ്രോഗ്രാം ഓഫീസർ സഞ്ജീവ്, ഹരിത ഓഫീസ് ഹരിത വിദ്യാലയം പ്രഖ്യാപനം നവകേരളം ജില്ലാ കോർഡിനേറ്റർ അശോക് സി. എന്നിവർ നിർവഹിച്ചു.

# ക്ഷീരസംഘം - ഹരിതസംഘം സർവേ പൂർത്തിയായി




കണ്ണൂർ ജില്ലയിലെ മുഴുവൻ ക്ഷീര സഹകരണ സംഘങ്ങളെയും ഹരിതവും ശുചിത്വവുമുള്ള സ്ഥാപനങ്ങളാക്കി മാറ്റാൻ ലക്ഷ്യമിട്ട കാമ്പയിന്റെ ആദ്യഘട്ടമായ ക്ഷീരസംഘം - ഹരിതസംഘം കാമ്പയിൻ സർവേ പൂർത്തിയായി. 2023 നവംബർ 26 നാണ് സർവേ തുടങ്ങിയത്. ക്ഷീര വികസന വകുപ്പ്, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ക്ഷീരസംഘം ഹരിതസംഘം സർവേ നടത്തിയത്. സംസ്ഥാനത്ത് ഇത്തരമൊരു കാമ്പയിനും സർവേയും ഇതാദ്യത്തേതാണ്. ക്ഷീര സഹകരണ സംഘങ്ങൾ ശുചിത്വവും ഹരിതവുമായ സ്ഥാപനങ്ങളായി മാറ്റുന്നതിനുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നേരത്തേ ക്ഷീര സംഘങ്ങൾക്ക് നല്കിയിരുന്നു. പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണം, ക്ഷീര സ്ഥാപന ശുചിത്വം, ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ തുടങ്ങിയ കാര്യങ്ങളിലാണ് മാർഗ്ഗ നിർദ്ദേശങ്ങൾ നല്കിയിരുന്നത്. നേരിട്ടുള്ള പരിശോധനയിൽ ലഭിക്കുന്ന സ്കോറിന്റെ അടിസ്ഥാനത്തിൽ സംഘങ്ങൾക്ക് എ പ്ലസ്, എ, ബി, എന്നീ ഗ്രേഡുകളാണ് നല്കുന്നത്.

# ഇരട്ട നേട്ടത്തിൽ ആന്തൂർ നഗരസഭ

ഹരിത കർമസേനയുടെ പ്രവർത്തന മികവിൽ സമ്പൂർണ്ണ യൂസർ ഫീ ശേഖരിക്കുന്ന നഗരസഭയായും ഫിലമെന്റ് രഹിത നഗരസഭയായും കണ്ണൂർ ജില്ലയിലെ ആന്തൂർ നഗരസഭയെ പ്രഖ്യാപിച്ചു. ധർമ്മശാല കൽക്കോ ഹാളിൽ




വെച്ച് നടന്ന ചടങ്ങിൽ തളിപ്പറമ്പ് മണ്ഡലം എംഎൽഎ എം.വി. ഗോവിന്ദൻ മാസ്റ്റർ പ്രഖ്യാപനം നിർവഹിച്ചു. നഗരസഭ ചെയർമാൻ പി. മുകുന്ദൻ അധ്യക്ഷനായി. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ, നഗരസഭാ സ്ഥിരം സമിതി ചെയർമാൻമാരായ കെ.വി. പ്രേമരാജൻ, പി.കെ. മുഹമ്മദ് കുഞ്ഞി, എം. ആമിന, ഓമനാ മുരളീധരൻ, കെ.പി. ഉണ്ണികൃഷ്ണൻ, കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എൻജിനീയർ രജീഷ് കുമാർ, കൗൺസിലർ ടി.കെ.വി. നാരായണൻ, ഹരിത കർമസേന സെക്രട്ടറി ടി.വി. സുമ, കെ. സന്തോഷ്, വി.വി. രാജേഷ് എന്നിവർ സംസാരിച്ചു. ഡൽഹിയിൽ റിപ്പബ്ലിക് ദിന പ്രദർശനത്തിൽ പങ്കെടുക്കുന്ന ഹരിത കർമസേന അംഗങ്ങൾക്ക് യാത്രയയപ്പും ചടങ്ങിൽ വച്ച് നടന്നു.

# CT മോഡൽ കമ്പോസ്റ്റ്

ശുചിത്വ മേഖലയിൽ തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന നൂതന ആശയമാണ് CT മോഡൽ കമ്പോസ്റ്റ് പിറ്റുകളുടെ നിർമ്മാണം. തുമ്പൂർ മുഴി മാതൃകയിലുള്ള ഈ മോഡൽ കമ്പോസ്റ്റ് പിറ്റ് പൊതു സ്ഥാപനങ്ങൾ കൂടാതെ വീടുകൾക്കും അനുയോജ്യമായ രീതിയിലാണ് രൂപകൽപന ചെയ്തിട്ടുള്ളത്. ഹരിത കർമ സേനാംഗങ്ങൾ തന്നെയാണ് ഇവയുടെ നിർമ്മാണം നിർവഹിക്കുന്നത്. ഏകദേശം 4 മാസക്കാലം ഒഴിവു സമയങ്ങളിൽ വിദഗ്ധരായ തൊഴിലാളികൾക്കൊപ്പം ഫീൽഡിൽ പ്രായോഗിക പരിശീലനം നടത്തിയാണ് അഴൂർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേനാംഗങ്ങളായ ജയദേവി, ഷീല മോഹനൻ, ലത, മാജിദ, റസിയ എന്നിവർ ഈ രംഗത്ത് ചുവടുറപ്പിച്ചിട്ടുള്ളത്. അജൈവ മാലിന്യ സംസ്കരണ മേഖലയിൽ നിർണ്ണായക പങ്ക വഹിക്കുന്ന ഹരിത കർമസേനാ പ്രവർത്തകരെ ഉറവിട മാലിന്യ സംസ്കരണ മേഖലയിൽ കൂടി എങ്ങനെ ഉപ



യോഗപ്പെടുത്താം എന്ന ചിന്തയിൽ നിന്നുമാണ് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി ഈ ഒരു ആശയത്തിന് രൂപം നൽകിയിട്ടുള്ളത്. ഈ സാമ്പത്തിക വർഷം 50 വീടുകളിൽ CT മോഡൽ കമ്പോസ്റ്റ് പിറ്റ് സ്ഥാപിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ഗ്രാമപഞ്ചായത്ത് പൂർത്തീകരിച്ചിട്ടുണ്ട്.

# പനമരം ബ്ലോക്കിൽ ജലബജറ്റ് തയ്യാറായി

നവകേരളം കർമപദ്ധതിയിൽ ഹരിത കേരളം മിഷന്റെയും ജലവിഭവ വികസന പരിപാലന കേന്ദ്രത്തിന്റേയും നേതൃത്വത്തിൽ നടത്തുന്ന ജലബജറ്റ് വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്തിൽ തയ്യാറായി. പനമരം ബ്ലോക്ക് പഞ്ചായത്തിൽ നടന്ന പരിപാടിയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ കൃഷ്ണൻ ജലബജറ്റ് റിപ്പോർട്ട് പ്രകാശനം നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അബ്ദുൾ ഗഫൂർകാട്ടി അധ്യക്ഷത വഹിച്ചു. ഹരിതകേരള മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.സുരേഷ് ബാബു പദ്ധതി വിശദീകരണം നടത്തി. പനമരം ബ്ലോക്ക് പഞ്ചായത്തിലും പനമരം, പൂതാടി, പുൽപ്പള്ളി, മുള്ളൻകൊല്ലി, കണിയാമ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിലുമാണ് ജലബജറ്റ് തയ്യാറായത്. ജില്ലയിൽ ആദ്യ ഘട്ടത്തിൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ ജലബജറ്റ് തയ്യാറാക്കിയിരുന്നു.



# കൊണ്ടോട്ടി ഗവൺമെന്റ് കോളേജിൽ പച്ചതുരുത്ത്

മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിലെ പാറപ്പുറിൽ സ്ഥിതിചെയ്യുന്ന കൊണ്ടോട്ടി ഗവൺമെന്റ് കോളേജിൽ, പച്ചതുരുത്ത് പദ്ധതിയുടെ ഉദ്ഘാടനം ചീക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മുംതാസ് എളങ്കയിൽ നിർവഹിച്ചു. 20 സെന്റ് സ്ഥലത്തായി 100ലധികം തൈകൾ പച്ചതുരുത്തിൽ കുട്ടികൾ നട്ടു.



# നെറ്റ്സീറോ കാർബൺ ജനങ്ങളിലൂടെ : ചിറ്റാറ്റുകരയിൽ ഒരുവിള കൃഷി



ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി എറണാകുളം ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ ഒരുവിള കൃഷി കാർഷിക പദ്ധതി ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ശാന്തിനി ഗോപകുമാർ നിർവഹിച്ചു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ കൃഷി കൂട്ടങ്ങൾക്ക് തൈകൾ, ജൈവവളം, ജൈവ കീടനാശിനി, ഡോളോമൈറ്റ്, വേപ്പിൻ പിണ്ണാക്ക്, എല്ല് പൊടി, ജൈവകൃഷി ഉൽപാദന ഉപാധികൾ എന്നിവ 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. കൃഷി കൂട്ടങ്ങൾ വഴി പഞ്ചായത്തിലെ എല്ലാ വാർഡുകളിലേക്കും ഒരു വിള കൃഷി പ്രോത്സാഹിപ്പിക്കുവാൻ ആണ് പദ്ധതി ലക്ഷ്യം വെക്കുന്നത്. ഗ്രാമപഞ്ചായത്ത് ഉപാധ്യക്ഷൻ അഷ്റഫ് പി.പി. യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നെറ്റ് സീറോ കാർബൺ പദ്ധതി ജനങ്ങളിലൂടെ വിഷയത്തിൽ കാർഷിക സർവകലാശാലയിലെ ഡോ. ദീപ തോമസ് സെമിനാർ നയിച്ചു.

# ബേഡഡുക്ക ഗ്രാമ പഞ്ചായത്ത് - ഹരിത കർമസേനയുടെ മാതൃകാ പരമായ പ്രവർത്തനം



കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ശ്രീ പഞ്ചലിംഗേശ്വര ക്ഷേത്ര ആറാട്ടുത്സവത്തിനോടനുബന്ധിച്ച് മാലിന്യം നിക്ഷേപത്തിനായി ഓല കുട്ടകളും കൂടാതെ വ്യാപാരികൾക്ക് തുണിസഞ്ചികളും സൗജന്യമായി നൽകി ബേഡഡുക്ക ഗ്രാമപഞ്ചായത്ത് ഹരിത കർമസേന മാതൃകാ പരമായ പ്രവർത്തനം കാഴ്ച വച്ചു . പരിപാടിയുടെ ഉദ്ഘാടനം ബേഡഡുക്ക ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എ മാധവൻ നിർവഹിച്ചു.

# എടച്ചേരി സമ്പൂർണ്ണ മാലിന്യമുക്തം

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്തായി ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ് പ്രഖ്യാപിച്ചു. പഞ്ചായത്തിലെ




മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യം കൃത്യമായി തരംതിരിച്ച് സംസ്കരിച്ച് അജൈവമാലിന്യം ഹരിത കർമസേനക്ക് കൈമാറുന്നു. പൊതു ഇടങ്ങളും ജലസ്രോതസ്സുകളും ശുചീകരിച്ച് പഞ്ചായത്ത് മാലിന്യ മുക്തമാണെന്നുറപ്പാക്കി റിപ്പോർട്ട് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടി. അതത് വാർഡുകൾ സമ്പൂർണ്ണ മാലിന്യമുക്ത വാർഡായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. മെമ്പർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തി. പഞ്ചായത്ത് പ്രസിഡന്റ് എൻ. പത്മിനി അധ്യക്ഷത വഹിച്ചു.

# ഹരിത പൂപ്പൊലി

വയനാട് ജില്ലയിലെ അമ്പലവയൽ RARS ൽ നടന്ന അന്താരാഷ്ട്ര പുഷ്പ പ്രദർശന മേള ഇത്തവണയും നടത്തിയത് പൂർണമായും ഗ്രീൻ പ്രോട്ടോകോൾ പാലിച്ച്. അമ്പലവയൽ ഗ്രാമപഞ്ചായത്ത്, ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ എന്നിവയുടെ സഹകരണത്തോടെയാണ് ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ഓടുകൊണ്ടും മരംകൊണ്ടുമുള്ള മാലിന്യ സംസ്കരണ ഉപാധികളാണ് ഇത്തവണ പൂപ്പൊലി നഗരിയിലെ പ്രത്യേകതകളിൽ ഒന്ന്. ഫുഡ് സ്റ്റാളുകളിൽ ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉത്പന്ന




ങ്ങൾ കർശനമായി നിരോധിച്ചു. ഐസ്ക്രീം പാർലറുകളിൽ കപ്പ്, ബോൾ ഐസ്ക്രീമുകൾ എന്നിവ വിൽപന നടത്തിയില്ല. RARS ലെ ശുചീകരണ തൊഴിലാളികളെയും ഹരിത കർമസേനയെയുമാണ് ഇവിടുത്തെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി വിന്യസിച്ചത്.

# ലൈഫിലെ ഭൂരഹിതർക്ക് വീടിനു സ്ഥലം നൽകിത്തുടങ്ങി

ലൈഫ് ഭവനപദ്ധതിയിലെ ഭൂരഹിത ഭവനരഹിതർക്ക് വീടുവയ്ക്കാൻ സർക്കാർ സ്ഥലം നൽകിത്തുടങ്ങി. വിതരണത്തിനായി ഇതുവരെ 2834.654 സെന്റാണ് കണ്ടെത്തിയിട്ടുള്ളത്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്നതോടെ അർഹരുടെ പട്ടികയിൽ നിന്ന് മുൻഗണന പ്രകാരം സ്ഥലം നൽകും. ഭൂമിയില്ലാത്തവർക്കും വീടു നിർമിച്ചുനൽകാൻ നടത്തിയ 'മനസോടിത്തിരി മണ്ണ്' കാമ്പയിന്റെ ഭാഗമായാണ് സ്ഥലം കണ്ടെത്തിയത്. വ്യക്തികളും വിവിധ സംഘടനകളും സ്വമേധയാ സർക്കാരിന് കൈമാറിയ സ്ഥലങ്ങളാണിത്. ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതർക്കും, പട്ടികജാതി, പട്ടികവർഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങൾ ഉൾപ്പെട്ട അഡീ. പട്ടികയിലുൾപ്പെട്ടവർക്കും ഗുണം ലഭിക്കും. 2020 ൽ ലഭിച്ച അപേക്ഷകളിലെ ഭൂരഹിതർക്കും മുൻഗണനാ പ്രകാരം സ്ഥലം നൽകും. വ്യക്തിഗതമായും ഫ്ലാറ്റുകൾ നിർമിച്ചുമാണ് ഗുണഭോക്താക്കൾക്ക് സ്ഥലം കൈമാറുക. ഒരു വ്യക്തിക്ക് മൂന്ന് സെന്റാണ് നൽകുന്നത്.

കാസർഗോഡ് ജില്ലയിലെ AUPS എടച്ചാക്കൈയിലെ പച്ചത്തുരുത്ത്



കാസർഗോഡ് ജില്ലയിലെ AUPS ഉദിനൂർ സെൻട്രലിലെ മില്ലറ്റ് കൃഷി



# മഞ്ഞപ്പുഴ - രാമൻപുഴ ജനകീയ ശുചീകരണത്തിനു തുടക്കമായി







കോഴിക്കോട് ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ പ്രധാന ജലസ്രോതസായ മഞ്ഞപ്പുഴ-രാമൻപുഴയുടെ ജനകീയ ശുചീകരണം ഹരിതകേരളം മിഷന്റെയും ഗ്രാമപഞ്ചായത്തുകളുടെയും നേതൃത്വത്തിൽ ആരംഭിച്ചു. ശുചീകരണത്തിന്റെ ഉദ്ഘാടനം കാട്ടാംവള്ളി വെച്ച് അഡ്വ. കെ.എം.സച്ചിൻദേവ് എം.എൽ.എ. നിർവഹിച്ചു. മണ്ഡലതലത്തിൽ പുഴയെ കേന്ദ്രീകരിച്ചു നടപ്പിലാക്കുന്ന മഞ്ഞപ്പുഴ രാമൻപുഴ പുനരുജ്ജീവന സമഗ്ര വികസന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനമായാണ് ജനകീയ ശുചീകരണ പ്രവർത്തനം നടപ്പിലാക്കുന്നത്. പുഴ ഒഴുകുന്ന അഞ്ചു ഗ്രാമപഞ്ചായത്തുകളിലും പുഴയോര അയൽസഭകൾ ചേർന്ന് ജനകീയമായാണ് പ്രവർത്തനം നടപ്പിലാക്കുന്നത്. പുഴ മുഴുവനായി ശുചീകരിച്ചു പുഴയുടെ ഒഴുക്ക് സുഗമമാക്കുകയാണ് ജനകീയ ശുചീകരണത്തിന്റെ ലക്ഷ്യം. ഉദ്ഘാടനപരിപാടിയിൽ ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രൂപലേഖാ കൊമ്പിലാട്ട് അധ്യക്ഷയായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.കെ.അനിത മുഖ്യ അതിഥിയായി. ഹരിതകേരളം മിഷൻ ജില്ല കോർഡിനേറ്റർ പ്രസാദ് പദ്ധതി വിശദീകരണം നടത്തി. ശുചിത്വ മിഷൻ ജില്ല കോർഡിനേറ്റർ ഗൗതമൻ കെ.എ.എസ്. സംസാരിച്ചു. ബാലുശ്ശേരി ബ്ലോക്ക് ദുരന്തനിവാരണ സേനയും കുരാച്ചുണ്ട് റെസ്ക്യൂ ടീമും ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി. മൈനർ-മേജർ ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർ, ആരോഗ്യവകുപ്പ് ജീവനക്കാർ, പുഴ ശുചീകരണത്തിന്റെ ഭാഗമായുള്ള അയൽസഭ അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിത കർമസേന അംഗങ്ങൾ ഉൾപ്പെടെ നിരവധി പേർ പരിപാടിയിൽ പങ്കെടുത്തു.

**ഹരിത വിദ്യാലയം പദ്ധതി നടപ്പിലാക്കുന്ന കോഴിക്കോട് നടുവട്ടം ഗവ.എ.യു.പി. സ്കൂളിൽ ചെയ്തുവരുന്ന പച്ചക്കറി കൃഷി വിളവെടുപ്പ് പരിപാടി**



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in